## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 191**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരേ,

ഈ വർഷത്തെ വിദ്യാഭ്യാസദിനമായി സഭ വേർതിരിച്ചിരിക്കുന്നത് 2026 സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ചയാണ്. വിദ്യാഭ്യാസത്തിലൂടെ വിവേകമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ സഭയുടെ പങ്കാളിത്തത്തെയും നേട്ടങ്ങളെയും ഓർത്ത് സ്തോത്രം ചെയ്യുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താം. മാർത്തോമ്മാ സഭയുടെ വിദ്യാഭ്യാസ ദർശനം സമഗ്രമായ മനുഷ്യ വികസനത്തെ ലക്ഷ്യമിടുന്നതാണ്. അറിവ് മാത്രം നൽകുന്നതിൽ ഒതുങ്ങാതെ, ആത്മീയ മൂല്യങ്ങൾ, നൈതികത, സാമൂഹിക ഉത്തരവാദിത്വം എന്നിവയും വിദ്യാർത്ഥികളിൽ വളർത്തുന്നതിനാണ് മാർത്തോമ്മാ സഭ പ്രാധാന്യം നൽകുന്നത്. സത്യസന്ധത, സേവന മനോഭാവം, നീതി, സമത്വം എന്നിവ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളായി കണക്കാക്കപ്പെടുന്നു. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലൂടെ സാമൂഹിക പരിവർത്തനത്തിന് സംഭാവന ചെയ്യുക എന്നതും സഭയുടെ വിദ്യാഭ്യാസ ദർശനങ്ങളിൽ പ്രധാനപ്പെട്ടതാണ്. 100 വർഷം പിന്നിട്ട ധാരാളം വിദ്യാലയങ്ങൾ സഭയ്ക്ക് ഉണ്ടെന്നുള്ളതിൽ അഭിമാനിക്കാം.

കേരളത്തിനകത്തും പുറത്തുമായി അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്കുണ്ട്. സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട 111 പ്രൈമറി സ്കൂളുകളും 15 യു.പി. സ്കൂളുകളും, 15 ഹൈസ്കൂളുകളും, 8 ഹയർ സെക്കന്ററി സ്കൂളുകളും, 1 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും, 1 റ്റി.റ്റി.ഐ.യും ഉൾപ്പെടെ 151 സ്ഥാപനങ്ങളുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ മികച്ച രീതിയിലുള്ള അദ്ധ്യായനം നടത്തിവരുന്നു. 2026 ൽ എസ്.എസ്.എൽ.സി.യ്ക്ക് 13 ഹൈസ്കൂളുകൾ 100% വിജയം കരസ്ഥമാക്കി. ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ സ്കൂളുകളും ഉന്നത വിജയം കരസ്ഥമാക്കി. 5 സ്കൂളുകൾ 80% ലധികം വിജയം കൈവരിച്ചു. നമ്മുടെ റ്റി.റ്റി.ഐ. 100% വിജയം നേടി. ഉന്നതവിജയം കരസ്ഥമാക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും, വ്യക്തിത്വ വികസനത്തിനും കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്ന പഠനരീതിയാണ് നമ്മുടെ വിദ്യാലയങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന മിഷൻ ടു സ്കൂൾ പ്രോഗ്രാം, കൗൺസലിംഗ്, കരിയർ ഗൈഡൻസ് ടീമിന്റെ സന്ദർശനം മുതലായവ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ കാലോചിതമായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ അഭിമാനിക്കാം. സ്കൂളുകളെല്ലാം ഹൈടെക് പദവിയിലേക്കുയർത്തുവാൻ സഭാംഗങ്ങളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹായസഹകരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. കഴിവുള്ള ഇടവകകൾ, സ്കൂളുകൾ ദത്തെടുത്ത്, ഭൗതിക സാഹചര്യങ്ങൾ മികച്ചതാക്കി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സഹകരിക്കണം.

നോർത്ത് അമേരിക്ക ഭദ്രാസനത്തിലെ ദൈവാലയങ്ങൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ചില സ്കൂളുകളെ സഹായിക്കുവാൻ കാണിച്ച സന്മനസിനെ അഭിനന്ദിക്കുന്നു. പ്രളയം മൂലവും കാലപ്പഴക്കം കൊണ്ടും തകർന്ന സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഭാംഗങ്ങളുടെ ആത്മാർത്ഥമായ സംഭാവനയാണ് പ്രധാന വരുമാനമാർഗ്ഗം. ഇതിൽ ഒരു ഭാഗം വിദ്യാഭ്യാസദിന സ്തോത്രകാഴ്ചയായി ലഭിക്കേണ്ടതാണ്. ഈ വർഷം ഈ ഇനത്തിൽ 40 ലക്ഷം രൂപാ പ്രതീക്ഷിക്കുന്നു. എല്ലാ ഇടവകകളും സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച ശുശ്രൂഷാ മദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ലഭിക്കുന്ന പ്രത്യേക സംഭാവനകളും MT & EA Schools മാനേജരുടെ ഓഫീസിലോ സഭാ ഓഫീസിലോ താമസംവിനാ അടയ്ക്കുവാൻ ശ്രദ്ധിക്കണം. അന്നേ ദിവസം നമ്മുടെ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ആരാധനയിൽ നേതൃത്വം നൽകുന്നതിനും വചനഘോഷണം നടത്തുന്നതിനും അവസരം നൽകുന്നത് ഉചിതമായിരിക്കും.

വിദ്യാഭ്യാസവും സ്വഭാവ ശ്രേഷ്ഠതയ്ക്കും മൂല്യബോധവുമുള്ള ഒരു തലമുറയാണ് നാളെയുടെ ജീവൻ. അങ്ങനെയൊരു തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് യത്നിക്കാം. സഭയായി നാം ചെയ്യുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നമുക്ക് ഓരോരുത്തർക്കും പ്രാർത്ഥനയോടെ ഭാഗഭാക്കാകാം.

കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

എന്ന്

ക്രിസ്താബ്ദം 2026 ആഗസ്റ്റ് മാസം 14-ാം തീയതി

തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

DR THEODOSIUS MAR THOMA METROPOLITAN
MALANKARA MAR THOMA SYRIAN CHURCH

# MALANKARA MAR THOMA SYRIAN CHURCH
## From the Apostolic See of Malankara Metropolitan
## Dr. Theodosius Mar Thoma

Circular No: 191

*The Vicars, Assistant Vicars, Trustees of all Churches under our authority,*
*and to all the beloved members of the parish.*

Blessing of our Lord Jesus Christ be with you all.

Beloved in the Lord,

We have set apart Sunday, September 6, 2026, as Education Sunday for this year. This is an occasion to recognize and remember the contributions of our Church's educational operations and institutions, to prayerfully remember those involved in the field of education, and to pledge our support for the advancement of our institutions.

Education should not be limited to imparting secular knowledge. Our Church aims to foster spiritual values, morality, social responsibility, love, justice, truthfulness, and a service-oriented mindset in students. Providing quality education to the backward sections of society is a key objective. Our educational vision is to transform individuals into ideal citizens — the result of the vision and dedicated prayers of our predecessors. Many of our institutions have now passed the 100-year mark.

We provide leadership in school and higher education across Kerala. Under the Corporate Management of the Church, there are 151 institutions: 111 Primary Schools, 15 High Schools, 15 Upper Primary Schools, 8 Higher Secondary Schools 1 Vocational Higher Secondary School, and 1 Teacher Training Institute.

In the 2026 academic results, 13 schools achieved 100% results in S.S.L.C. examinations. In the Higher Secondary examinations, all schools recorded commendable results, with 4 to 5 schools securing over 80% pass. St. Thomas T.T.I. also achieved 100% result. Our schools continue to excel in Science, Arts, and Sports competitions. We sincerely congratulate the Principals, Headmasters, Teachers, Non-teaching staff, and Students for the hardwork and achievement.

To nurture the overall development of children, our schools have adopted several programmes. These include 'Mission to School' under the leadership of Sunday School Samajam & Diocesan Episcopas, Counseling services and Career Guidance Seminars, and Teachers' Training. We are also upgrading infrastructure to Hi-Tech status and providing support systems for children with special needs. The Corporate Management is directly intervening to upgrade schools in weaker areas and transform them into Centers of Excellence. We are grateful for the co-operation of the State Government and our Church members in these efforts.

Parishes in the North American Diocese have shown great generosity in supporting schools affected by flood and natural disasters. The main source for improving infrastructure is the Education Sunday Offertory. This year 2026 our target is Rs. 40,00,000.

We request that the full collection taken during the Holy Qurbana on September 6, 2026, in all parishes, along with generous contributions in special covers distributed by the Corporate Management Office, be sent without delay to the MT & EA Schools Manager's Office or the Sabha Office, Thiruvalla.

We also request that arrangements be made for teachers and students of our schools to lead worship services, give sermons, or speak in our churches on Education Sunday.

Let us work together so that our schools reflect the glory of God. May we guide the new generation through value-based education. A value-conscious generation shaped through education must be the 'Hope of Life' tomorrow. May God bless all our educational endeavors.

May the grace of God be with you all.

Written from Poolatheen, Thiruvalla on 14th August 2026.

**Dr. Theodosius Mar Thoma Metropolitan**

DR. THEODOSIUS MAR THOMA METROPOLITAN · MALANKARA MAR THOMA SYRIAN CHURCH